സൈലൻറ്വാലി നാഷണൽ പാർക്ക്

* 57. [57] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, കെ. രാഘവൻ മാസ്റ്റർ :
,, മണിമംഗലത്തു കുട്ട്യാലി :
,, കെ. എസ്. നാരായണൻ നമ്പൂതിരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈലൻറ് വാലി നാഷണൽ പാർക്ക് ആക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ബി) ഇതിന് കേന്ദ്രഗവൺമെൻറിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) 15-11-1984 മുതൽ സൈലൻറ്വാലിയെ ഒരു നാഷണൽ പാർക്കായി പ്രഖ്യാപിച്ചു കഴിഞ്ഞു.

(ബി) 1985-86 വർഷത്തെ കേന്ദ്ര ധനസഹായമായി 9 ലക്ഷം രൂപ ലഭിച്ചു.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ഈ സൈലൻറ് വാലി നാഷണൽ പാർക്കിൻെറ പ്രത്യേകതകൾ എന്തൊക്കെയാണ് ; അതിൻെറ വിസ്തീർണ്ണം എത്രയാണ് ; അതിലെ പ്രത്യേകതരം സസ്യങ്ങൾ ഏതൊക്കെയാണ്, അതൊക്കെ ഒന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : സൈലൻറ് വാലി നാഷണൽ പാർക്കിൻെറ വിസ്തീർണ്ണം 8951 ഹെക്ടർ വരും. നമുക്ക് 650-ഓളം സസ്യങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. സിംഹവാലൻ കുരങ്ങാണ് വന്യ ജീവികളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ഈ സിംഹവാലൻ കുരങ്ങ് അവിടത്തെ പ്രത്യേക വന്യജീവിയാണെന്ന് പറഞ്ഞു. അതിൽ എത്രയെണ്ണമുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : അതിൻെറ കണക്ക് ഇപ്പോൾ എൻെറ കൈയിലില്ല.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : സൈലൻറ് വാലി പാർക്കിന് വേണ്ടി കേന്ദ്ര ഗവൺമെൻറിൽ നിന്ന് 9 ലക്ഷം ഉറുപ്പിക കിട്ടിയെന്ന് ഇവിടെ പറഞ്ഞു. സംസ്ഥാന വിഹിതമായി എത്ര രൂപയാണ് കിട്ടിയത് ? ഇതിൽ എത്ര രൂപ ചെലവഴിച്ചു ; അത് ഏത് ആവശ്യങ്ങൾക്ക് വേണ്ടിയാണ് ചെലവഴിച്ചത് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. അപ്പോൾ കേന്ദ്രത്തിൽ നിന്ന് കിട്ടിയ അത്രയും തുകയാണ് ചെലവഴിക്കുന്നത്. ഈ പറഞ്ഞ കാലഘട്ടത്തിൽ ഇവിടെ 14,10,292 രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ളതെല്ലാം സ്റ്റേറ്റിൻെറ വിഹിതമാണ്. ചെലവഴിച്ചതാണെങ്കിൽ ഇവിടത്തെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ്. സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയുക, അതുപോലെ വാഹനങ്ങൾക്ക് ആവശ്യമായ ക്യാമ്പ് ഷെഡ് പണിയുക, റോഡു പണി തുടങ്ങിയ ആവശ്യങ്ങൾക്ക് വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാഘവൻ മാസ്റ്റർ : സൈലൻറ് വാലി നാഷണൽ പാർക്കിന് നമ്മുടെ ആരാധികയായ മുൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ പേര് ഇടുന്നതിനുവേണ്ടി നിർദ്ദേശിച്ചിരുന്നു. അതെന്തായിയെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഈ നാഷണൽ പാർക്കിന് ശ്രീമതി ഇന്ദിരാഗാന്ധിയുടെ പേര് ഇടണമെന്നത് ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടെയുള്ള വൈൽഡ് ലൈഫ് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെൻറിലേക്ക് പ്രപ്പോസൽ അയച്ചിരിക്കുകയാണ്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കൊടുത്ത ഉത്തരത്തിൽ ഏകദേശം 14 ലക്ഷത്തോളം രൂപ കഴിഞ്ഞ കൊല്ലം ചെലവായതായി ഇവിടെ പറയുകയുണ്ടായി. സാധാരണഗതിയിൽ ഈ നാഷണൽ പാർക്ക് ഉണ്ടാക്കുന്നത് ഭംഗിക്ക് വേണ്ടി മാത്രമല്ല, ഇപ്പോഴും സിംഹവാലൻ കുരങ്ങുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു, അവിടെയുള്ള റെയർ സ്പീഷീസിൽപ്പെട്ട വന്യജീവികളെക്കൂടി സംരക്ഷിക്കുന്നതിനു കൂടിയാണ്. അത്രയും ജീവികളും എത്രയുണ്ടെന്ന് കണ്ടുപിടിക്കുകയെന്നുള്ളതാണ് പ്രധാനപ്പെട്ട ഒരു കാര്യം. അതിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഈ 14 ലക്ഷം രൂപ മതിയാവുകയില്ല എന്നും അറിയാം. അതുകൊണ്ട് ഈ കൊല്ലം എത്ര ലക്ഷം രൂപ ചെലവഴിക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത് ? ഏതെല്ലാം വിധത്തിൽ ചെലവഴിക്കാൻ ആണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : 14 ലക്ഷത്തിൽപ്പരം രൂപ ചെലവാക്കിയതെന്ന് ഞാൻ പറഞ്ഞത് 1985-86-ലെ കണക്കാണ്. ഈ വർഷം 32 ലക്ഷം രൂപയാണ് ചെലവഴിക്കാൻ നീക്കിവച്ചിട്ടുള്ളത്. അവിടെയുള്ള മുഴുവൻ സസ്യങ്ങളെക്കുറിച്ചും വന്യജീവികളെക്കുറിച്ചും വിശദമായി പഠിക്കാനും മനസ്സിലാക്കാനുമുള്ള സംവിധാനം ഈ പുതിയ സ്കീം നടപ്പിലാക്കുന്ന അവസരത്തിൽ ഉണ്ടാകും.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : എന്റെ ആദ്യത്തെ ചോദ്യത്തിൽ സൂചിപ്പിച്ചമാതിരി അപൂർവ്വജീവികളായാലും ശരി ചെടികളായാലും ശരി അവയെ സംരക്ഷിക്കുന്നതിനുവേണ്ടി അവിടെ കാളിഫൈഡായിട്ടുള്ള എത്ര സ്റ്റാഫ് ഉണ്ട്. ഇപ്പോൾ അവിടത്തെ സ്റ്റാഫിന്റെ അപര്യാപ്തതയെ സംബന്ധിച്ച് ഗവൺമെൻറിന് കിട്ടിയിട്ടുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : അവിടെ മാത്രമല്ല പൊതുവായിട്ട തന്നെ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കണമെന്ന് ഗവൺമെൻറിന് ഉദ്ദേശമുണ്ട്. പ്രത്യേകിച്ച് നമ്മുടെ വന്യജീവിസങ്കേതങ്ങളുടെ സംരക്ഷണത്തിനും ജനങ്ങൾക്ക് അവയെപ്പറ്റി മനസ്സിലാക്കുന്നതിന് സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കുന്നതിനും കൂടുതൽ സ്റ്റാഫ് ആവശ്യമാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു പ്രപ്പോസൽ ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്. നിലവിൽ ഇപ്പോൾ അവിടെ ഒരു വൈൽഡ് ലൈഫ് വാർഡൻ, ഒരു റേഞ്ച് ഓഫീസർ, രണ്ട് ഫോറസ്റ്റർ, രണ്ട് ഗാർഡ്നർ, രണ്ട് വാച്ചർ എന്നിവർ ഉണ്ട്. ഇങ്ങനെയെല്ലാമുള്ള ഏർപ്പാടുകൾ അവിടെ ഉണ്ട്.

ശ്രീ. വി. സി. കബീർ : പാലക്കാട്, മലപ്പുറം ജില്ലകളുടെ വികസനത്തിനത്യാവശ്യമായിരുന്ന സൈലൻറ് വാലി പദ്ധതിക്ക് തുരങ്കം വച്ചിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

അവിടെ നാഷണൽ പാർക്ക് സ്ഥാപിച്ചത്. അവിടെയുള്ള സിംഹവാലൻ കുരങ്ങിനുവേണ്ടി നമ്മുടെ ജലവൈദ്യുത പദ്ധതിയെപ്പോലും തുരങ്കം വച്ചു. അതിൽ മലപ്പുറം, പാലക്കാട് ജില്ലയിലുള്ള ഞങ്ങൾക്കെല്ലാം പ്രതിഷേധമുണ്ട്. അവിടം നാഷണൽ പാർക്കായി പ്രഖ്യാപിച്ചതിനുശേഷം അപൂർവ്വമായ സിംഹവാലൻകുരങ്ങനും മറ്റ് ജീവജാലങ്ങളുമുണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പ്രസിദ്ധീകരണങ്ങൾ കൊടുക്കുന്നില്ല. അവിടെ വരുന്ന ടൂറിസ്റ്റുകൾക്കോ സന്ദർശകർക്കോ വിദ്യാർത്ഥികൾക്കോ ശാസ്ത്രജ്ഞൻമാർക്കോ ആവശ്യമായ പരീക്ഷണങ്ങളും നിരീക്ഷണങ്ങളും നടത്തുന്നതിനുള്ള സംവിധാനം ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ പ്രസിദ്ധീകരണങ്ങൾ കൊടുക്കുകയും യാത്രാസൗകര്യം ഏർപ്പെടുത്തുകയും ഗൈഡുകളെ നിയോഗിക്കുകയും ചെയ്യുന്നതിനുവേണ്ടി വനംവകുപ്പ് വല്ല നടപടികളും സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : അവിടത്തെ പ്രത്യേകതകളെക്കുറിച്ചും മറ്റും പഠിക്കാൻ വരുന്ന വിദ്യാർത്ഥികൾക്ക് പഠിക്കാനാവശ്യമുള്ള ഏർപ്പാടുകളെല്ലാം ചെയ്യുന്നതിന് ഒരു ഇൻഫർമേഷൻ സെന്റർ അടുത്തുതന്നെ അവിടെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. വാഹനസൗകര്യങ്ങളും ഗതാഗതസൗകര്യങ്ങളും വർദ്ധിപ്പിച്ച് കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിനുള്ള വിപുലമായ ഒരു പരിപാടിയും ഉണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഈ സൈലന്റ് വാലി പദ്ധതി കാണാനായിട്ട് ഈ സഭയിലെ കുറെ അംഗങ്ങളെ ഒരിക്കൽ കൊണ്ടുപോയി. ഒരു കാര്യം ഞങ്ങൾക്ക് വ്യക്തമായിട്ട് കാണാൻ കഴിഞ്ഞത് തമിഴ് നാട്ടിൽനിന്നും ധാരാളം ആളുകളും ലോറിയുമായി വന്ന് ഈ പ്രദേശത്തു നിന്ന് തടികടത്തി കൊണ്ടുപോകുന്നതായിട്ടാണ്. അതിപ്പോഴും തുടരുന്നുണ്ടെന്നാണ് പത്രവാർത്ത. സൈലന്റ്വാലി പദ്ധതി പ്രദേശത്തു നിന്നും മരം മുറിച്ച് തടി കടത്തികൊണ്ടുപോകുന്നത് ഞങ്ങൾ നേരിട്ടു കണ്ടതാണ്. തടി വെട്ടികടത്തിക്കൊണ്ടുപോകുന്ന ഈ സാഹചര്യം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത്. ഇതു സംബന്ധിച്ച് എന്തെങ്കിലും കേസുകൾ ഇപ്പോൾ നിലവിലുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : അവിടെ ഇപ്പോൾ അങ്ങനെയുള്ള പരാതികൾ ഇല്ല. മുമ്പുകാലത്തുണ്ടായിരുന്നു. തമിഴ്നാട്ടിൽ നിന്നുള്ള ഗതാഗതസൗകര്യം, റോഡിന്റെ പ്രശ്നം ഇതൊക്കെ കൊണ്ടാണ് അങ്ങനെ സംഭവിച്ചത്. അതെല്ലാം അടച്ചുകഴിഞ്ഞിരിക്കുന്നു. അങ്ങനെയുള്ള സ്ഥലങ്ങളിൽ ചില പ്രത്യേക സംരക്ഷണ നടപടികളും സ്വീകരിച്ചിട്ടുണ്ട്. നമ്മുടെ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർക്കും സംരക്ഷണ സേനാവിഭാഗങ്ങൾക്കും പുറമേ അത്യാവശ്യഘട്ടങ്ങളിൽ സംരക്ഷണത്തിന്റെ ചുമതല അവിടെയുള്ള ആദിവാസി സുഹൃത്തുക്കൾക്കും കൂടി കൊടുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ : 8000-ത്തിൽപ്പരം ഹെക്ടർ സ്ഥലം ഉണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ആകെ നോക്കുകയാണെങ്കിൽ ഏകദേശം 25,000 ഏക്കർ വരും. ഈ 25,000 ഏക്കർ കഴിഞ്ഞാലും 11,000-ത്തിൽ ചില്വാനം ബാക്കിവരുന്നുണ്ട്. അത് പദ്ധതിക്ക് ഉപയോഗിക്കാം. ഇതിന്റെ പേരിലാണ് പദ്ധതി നിഷേധിച്ചത്. പാർക്കും ആകാം. അതേസമയം പദ്ധതിയും ആകാം. മൂന്നുകോടി രൂപയോളം മുമ്പത്തെ ഗവൺമെന്റ് ചെലവാക്കി നിർമ്മിച്ച കെട്ടിടങ്ങളും ബോർഡുമെല്ലാം അവിടെയുണ്ട്. അപ്പോൾ രണ്ടും ആകാം. എന്നാൽ മലപ്പുറം, പാലക്കാട് ജില്ലകളിൽ കൂടുതൽ നൽകാൻ കഴിയും. മലപ്പുറം ജില്ലയ്ക്ക് ഇലക്ട്രിസിറ്റിയും നൽകാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴ്യും. ഞങ്ങൾ ഇതിനെ സംബന്ധിച്ച് സംസാരിച്ചതാണ്. ഇപ്പോഴും ഈ പദ്ധതിയെ സംബന്ധിച്ചിടത്തോളം ഫൈനൽ ഡിസിഷൻ എടുത്തിട്ടില്ല. നിങ്ങൾ ആ റിപ്പോർട്ട് പബ്ലിഷ് ചെയ്തിട്ടില്ല. സൈലൻറ്വാലി പദ്ധതിയുടെ റിപ്പോർട്ട് ഇന്നും പബ്ലിഷ് ചെയ്തിട്ടില്ല. അതിൻെറ അവസാന ഭാഗം നിഷേധിച്ചിട്ടുമില്ല. അത് രഹസ്യമായി വച്ചിരിക്കുകയാണ്. ഇൻഡെഫിനിറ്റായിട്ട് വച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ഈ പാർക്കും വേണം, സൈലൻറ് വാലി പദ്ധതിയും വേണമെന്ന്. എന്നാൽ ഈ രണ്ടു ജില്ലയ്ക്കും കാർഷികാഭിവൃദ്ധിക്കുവേണ്ട പൂർണ്ണമായ ജലം നമുക്ക് കൊടുക്കാൻ കഴിയും. ആ വിധത്തിൽ ചിന്തിച്ച് പാർക്ക് നന്നാക്കുന്നതോടൊപ്പം ഈ പദ്ധതികൂടി നടപ്പിലാക്കണം. വടക്കേയിന്ത്യയിലുള്ള പരിസ്ഥിതിക്കാരാണ് കുരുതിക്കൂട്ടി നമ്മളെ ഒപ്പോസ് ചെയ്യുന്നത്. അത് മനസ്സിലാക്കണം. എതിർത്തവരെ എനിക്കറിയാം; വടക്കേയിന്ത്യാക്കാരാണ്. ഇവിടെ എന്തെങ്കിലും തരുന്നതിൽ അവർ എതിരാണ്. അതുകൊണ്ട് ഇത് രണ്ടിനുംവേണ്ടി നമ്മൾ ഡിമാൻഡ് ചെയ്യണം. ആ റിപ്പോർട്ട് നോക്കിയാൽ ഒരു കുഴപ്പവും ഇന്ന് ഇല്ല. പാർക്കുള്ളതുകൊണ്ട് ഈ സ്കീം വരുന്നതിന് ഒരു തടസ്സവുമില്ല. ഇതാണ് നമ്മുടെ സ്ഥിതി. ഇതിനുവേണ്ടി നിങ്ങൾ ഒന്ന് ശ്രമിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ശാസ്ത്രജ്ഞൻമാരുടെ വിദഗ്ദ്ധാഭിപ്രായത്തിൻെറ വെളിച്ചത്തിലായിരിക്കാം ഇന്ത്യാ ഗവൺമെൻറ് അവിടെ പദ്ധതിക്ക് അനുവാദം നിഷേധിക്കുകയും നാഷണൽ പാർക്കായി അതേത്തുടർന്ന് പ്രഖ്യാപിക്കുകയും ചെയ്തത്. ആ റിപ്പോർട്ടിൻെറ വിശദാംശങ്ങളെക്കുറിച്ചൊന്നും ഞാൻ പറയാൻ ആളല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ അവിടെ പഴയകാലത്തുണ്ടാക്കിയിട്ടുള്ള സംവിധാനത്തിൻെറ അടിസ്ഥാനത്തിൽ രണ്ടും ഒപ്പംകൊണ്ടുപോകാൻ പ്രയാസമായിരിക്കും. പ്രത്യേകമായിട്ട്, എന്തെങ്കിലും സംവിധാനമുണ്ടാക്കാൻ കഴിയുമോയെന്നുള്ളതിനെക്കുറിച്ച് എനിക്ക് ഇപ്പോൾ പറയാൻ സാധിക്കുകയില്ല. നാഷണൽ പാർക്ക് എന്ന നിലയിലുള്ള കാര്യങ്ങളെപ്പറ്റിയാണ് ഞാൻ ഇപ്പോൾ പറഞ്ഞത്.

ശ്രീ. കെ. കൃഷ്ണൻ കുട്ടി : നാഷണൽ പാർക്ക് ആക്കുന്നത്, ഈ സ്റ്റേറ്റിൻെറ താല്പര്യം പരിഗണിക്കണ്ട എന്നുള്ള സംശയത്തിനിടയാക്കിയിട്ടുണ്ട്. കഴിഞ്ഞ ഒക്ടോബർ 5-ാം തീയതി കരിയാർകുറ്റിയിൽ ഡോക്ടർ സലിംഅലിയുടെ പേരിൽ ഒരു പഠനകേന്ദ്രം അങ്ങുതന്നെ ഉൽഘാടനം നടത്തിയിട്ടുണ്ടായിരുന്നു. ഏറ്റവും കൂടുതൽ വന്യമൃഗങ്ങളുള്ള പറമ്പിക്കുളത്ത് അത് സ്ഥാപിക്കാതെ ഈ പ്രദേശത്തുതന്നെ അത് കൊണ്ടുപോയി സ്ഥാപിക്കാനുണ്ടായ കാരണമെന്താണ്. എന്നെക്കുറിയ്ക്കുമായി ഡാം വരുന്നതിനെ ഇല്ലാതാക്കാൻ വേണ്ടിയല്ലേ ഇത് നടത്തിയത് ?

ശ്രീ. കെ. പി. നൂറുദ്ദീൻ : അതൊന്നും അല്ല. ബഹുമാനപ്പെട്ട സലിംഅലി എന്നു പറയുന്ന ശാസ്ത്രജ്ഞൻ പക്ഷിശാസ്ത്ര രംഗത്ത് ലോകത്തിൻെറ മുഴുവൻ ശ്രദ്ധ പിടിച്ചു പറ്റിയ ഒരു വലിയ മനുഷ്യനാണ്. അദ്ദേഹം വന്ന് ആദ്യമായി പക്ഷിശാസ്ത്രത്തെക്കുറിച്ച് പഠിച്ച സ്ഥലമാണ്, ഞങ്ങൾ ഒരു നല്ല പരിശീലനകേന്ദ്രമാക്കി വളർത്താൻവേണ്ടി കല്പ് സ്ഥാപിച്ചിട്ടുള്ളത്. അതും കരിയാർകുറ്റി പദ്ധതിയുമായി യാതൊരു ബന്ധവുമില്ല.....(ബഹളം).....

.....(ബഹളം).....

കരിയാർകുട്ടി-കാരപ്പാറ പദ്ധതിക്ക് കേന്ദ്ര ഗവൺമെൻറിൻെറ പരിസ്ഥിതി വിഭാഗം അനുവാദവും തന്നിട്ടില്ല. ഈ സാഹചര്യത്തിൽ അവിടെ പുതിയൊരു കെട്ടിടമുണ്ടാക്കിയെന്നുള്ളത് യാതൊരു കാരണവശാലും പദ്ധതിക്ക്

LIBRARY ARCHIVES Kerala Legislative Assembly

അനുവാദം കിട്ടുന്നതിന് തടസ്സം അല്ല. അങ്ങനെയുള്ള എത്ര കെട്ടിടങ്ങൾ ഉണ്ടാക്കിയാലും പദ്ധതിക്ക് പ്രശ്നമല്ല..... (ബഹളം)

[ശ്രീ. സി. ടി. കൃഷ്ണൻ : സൈലൻറ് വാലി പദ്ധതിക്കാവശ്യമായ 800 ഹെക്ടർ സ്ഥലത്ത് യാതൊരു മരവുമില്ലെന്നുള്ളത് ഞങ്ങൾ അവിടെ പോയി കണ്ടതാണ്. വനംവകുപ്പും മറ്റുള്ളവരും എതിർത്തതുകൊണ്ടാണ് പദ്ധതി നടപ്പിലാക്കാത്തത്. അതുപോലെതന്നെ കരിയാർകുട്ടി-കാരപ്പാറ പദ്ധതി ഇന്നും നടപ്പിലാകാത്തത് വനംവകുപ്പിന്റെ എതിർപ്പുകൊണ്ടാണ്. പാലക്കാട് ജില്ലയ്ക്ക് അനുവദിക്കുന്ന എല്ലാ പദ്ധതികളെയും തടസ്സപ്പെടുത്തുക, ഇല്ലാതാക്കുക എന്നുള്ളതാണോ വനംവകുപ്പിന്റെ നടപടി? അതിന് എന്തെങ്കിലും മറുപടി പറയാമോ ?

[ശ്രീ. കെ. പി. നൂറുദ്ദീൻ : നാഷണൽ പാർക്ക് ആയി പ്രഖ്യാപിച്ചത് ഉയർന്ന ഉദ്യോഗസ്ഥൻമാരുമായി ചർച്ചകൾ നടത്തിയതിനുശേഷമാണ്. ഏതായിരുന്നാലും ശരി ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള അംഗങ്ങൾ അവിടെപോയി കണ്ടതാണ്. സബ്ജക്ട് കമ്മിറ്റിയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ പല ഘട്ടങ്ങളിലായി അവിടെ പോയിട്ടുണ്ട്. വനത്തിനുവേണ്ടിയുള്ള സബ്ജക്ട് കമ്മിറ്റിയിലെ മെമ്പർമാരായാലും ശരി മറ്റ് സബ്ജക്ട് കമ്മിറ്റിയിലെ മെമ്പർമാരായാലും ശരി അവിടെ പോയിട്ടുണ്ട്. അവരുടെകൂടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ തീരുമാനമുണ്ടായിട്ടുള്ളതെന്ന് എനിക്കറിയില്ല. ഏതായാലും ശരി അത അംഗീകരിച്ച്, കഴിഞ്ഞു. കരിയാർകുട്ടി-കാരപ്പാറ പദ്ധതിക്ക് വനംവകുപ്പാണ് എതിര് എന്നു പറയുന്നത് ശരിയല്ല, Environment Department-ന്റെ അംഗീകാരം കിട്ടിയിട്ടില്ലെന്നുള്ളതാണ് വസ്തുത.

(ii) റേലാമൂലം നൽകുന്ന ഉത്തരങ്ങൾ

റവന്യൂ യൂണിറ്റുകളുടെ പുനർ വിഭജനം

* 58. [58] ശ്രീ. പി. സീതി ഹാജി :

,, എസ്. ആർ. തങ്കരാജ് :

,, ലോനപ്പൻ നമ്പാടൻ :

,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റവന്യൂ ഭരണയൂണിറ്റുകളുടെ പുനർവിഭജനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന് നിശ്ചയിച്ചിട്ടുള്ള പൊതു മാനദണ്ഡം എന്താണ് ;

(സി) പുനർവിഭജനം നടത്തി പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്ന വില്ലേജുകൾ എത്ര ;

(ഡി) താലൂക്കുകൾ എത്ര ; ഏതെല്ലാം താലൂക്കുകൾ ആണ് രൂപീകരിക്കുന്നത് ;

(ഇ) ഈ കാര്യത്തിൽ സ്പെഷ്യൽ ഓഫീസർമാരുടെ റിപ്പോർട്ടുകൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ ;

(എഫ്) പുതുതായി രൂപീകരിക്കുന്ന യൂണിറ്റുകൾ എന്നു നിലവിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത് ;

(ജി) വില്ലേജ് പുനഃസംഘടിപ്പിച്ചശേഷം സംസ്ഥാനത്ത് എത്ര റവന്യൂ വില്ലേജുകൾ ഉണ്ടെന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly